**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4194** **28-10-2021 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യവസായ സംരംഭകർക്ക് വേണ്ടി കെ. എഫ്. സി നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം പ്രതിസന്ധിയിലായ ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കാൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്. മുതൽ തുകയ്ക്ക് 01.07.2021 ൽ തുടങ്ങി ഒരു വർഷത്തേക്കാണ് അവധി. കോവിഡിന്റെ രണ്ടാം തരംഗത്തിൽ പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20 % അധിക വായ്പ കെ.എഫ്.സി. അനുവദിച്ചു. 9.5 ശതമാനമാണ് പലിശ. കൂടാതെ ചെറുകിട വ്യവസായങ്ങൾ, ആരോഗ്യ പരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശയിൽ കെ.എഫ്.സി. ഇളവ് നൽകിയിട്ടുണ്ട്. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽ നിന്ന് 8ശതമാനമായാണ് കുറച്ചത്. ഉയർന്ന പലിശ 12 ശതമാനത്തിൽ നിന്നും 10.5 ശതമാനമായി കുറച്ചു. 20% കോവിഡ് വായ്പകൾ മറ്റു നടപടി ക്രമങ്ങളില്ലാതെ മുൻകൂർ അനുമതി (Pre approved) വായ്പകളായിട്ടാണ് അനുവദിച്ചത്. അർഹരായ സംരംഭകർക്ക് വായ്പ മുൻകൂറായി അനുവദിച്ച്, അവരെ അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ